79 (1439) പോലീസ് വകുപ്പിലെ പ്രൊമോഷൻ/അപ്ഗ്രഡേഷൻ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.ഒ. (എം.എസ്) 361/98 ഹോം തീയതി 28.11.98 പ്രകാരം കേരള പോലീസിലെ 130 ആംഡ് റിസർവ് ഹെഡ്കോൺസ്റ്റബിൾമാരെ എ. ആർ.എ.എസ്.ഐ. ആയി അപ്ഗ്രേഡ് ചെയ്തതിൽ ഏതെങ്കിലും ജില്ലയിൽ/ റേഞ്ചിൽ പ്രമോഷൻ/അപ്ഗ്രേഡേഷൻ നടത്തുവാൻ ഉണ്ടോ;

(ബി) എങ്കിൽ ഈ പോലീസ് ഹെഡ്കോൺസ്റ്റബിൾമാർക്ക് സാമ്പത്തികമായും സീനിയോറിറ്റിയുടെ കാര്യത്തിലും പ്രശ്നമുണ്ടാക്കുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അപ്ഗ്രേഡേഷൻ/പ്രൊമോഷൻ നടത്താത്ത പോലീസ് റേഞ്ചുകളിൽ പ്രൊമോഷൻ എന്ന് നടത്തുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കണ്ണൂർ റേഞ്ചിൽ 32 ഒഴിവുകൾ നികത്തുവാനുണ്ട്.

(ബി) ഇതിനകം 18 വർഷത്തെ ഗ്രേഡ് ലഭിക്കാത്ത എ.പ്പ്.സി.മാർക്ക് സാമ്പത്തിക നഷ്ടം വരുന്നതാണ് സീനിയോറിറ്റിയുടെ കാര്യത്തിൽ പ്രൊമോഷൻ റഗുലറൈസ് ചെയ്യുന്ന സമയം യഥാർത്ഥ സ്ഥാനം കൊടുക്കുന്നതിനാൽ നഷ്ടം സംഭവിക്കുന്നില്ല.

(സി) കണ്ണൂർ റേഞ്ചിലെ എ.എസ്.ഐ മാരുടെ 32 ഒഴിവുകളിലേക്ക് പ്രൊമോഷൻ നടത്തുന്നതിനായി 19.6.99-ൽ ഡി.പി.ബി ചേരുകയും ആയതിന്റെ നടപടിക്രമം പൂർത്തിയാവുന്ന മുറയ്ക്ക് പ്രൊമോഷൻ നൽകുന്നതുമാണ്.

80 (1440) മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ ജോലികൾ നിർവഹിക്കുന്ന പോലീസുകാർ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൽ വിവിധ തലങ്ങളിൽ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ ജോലികൾ നിർവഹിക്കുന്ന എത്ര പോലീസുകാരാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ സ്ഥാനത്ത് പോലീസ് കോൺസ്റ്റബിൾമാരെ നിയമിക്കുവാനുള്ള കാരണം വിശദമാക്കാമോ;

(സി) പി.എസ്.സി. തയ്യാറാക്കുന്ന മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ ലിസ്റ്റുകൾ നിലവിലുള്ളപ്പോൾ ഇത്തരത്തിൽ പോലീസ് കോൺസ്റ്റബിൾമാരെക്കൊണ്ട് ജോലി ചെയ്യിക്കുന്ന പ്രവണത അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ),(ബി)&(സി) മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ ജോലികൾ നിർവഹിക്കുന്നതിന് പോലീസ് കോൺസ്റ്റബിൾമാരെ നിയോഗിക്കാറില്ല. എന്നാൽ ചില അടിയന്തിര ഘട്ടങ്ങളിൽ മിനിസ്റ്റീരിയൽ സ്റ്റാഫിനെ സഹായിക്കാനായി

LIBRARY ARCHIVES Kerala Legislative Assembly